NACO
National AIDS Control Organisation
India's response to HIV & Sexually Transmitted Infections
Ministry of Health & Family Welfare, Government of India
www.naco.gov.in

सत्यमेव जयते
Ministry of Health & Family Welfare
Government of India

സമൂഹം ഒന്നിച്ചു നിന്നാൽ HIV ഉള്ളവരുടെ ജീവിതം എളുപ്പമാകും!

Ignore അല്ല

വീണ്ടും **ഓർമ്മിക്കുക!**

NACO
National AIDS Control Organisation
India's response to HIV & Sexually Transmitted Infections
Ministry of Health & Family Welfare, Government of India

सत्यमेव जयते
Ministry of Health & Family Welfare
Government of India

HIV ബാധിതർക്ക് നിങ്ങളുടെ പിന്തുണ ആവശ്യമായി വരുന്നത് എന്തുകൊണ്ടാണ്?

വൈകാരികവും മാനസികവുമായ പിന്തുണ അവർക്ക് കരുത്ത് നൽകുന്നു.





അവഗണനയും വിവേചനവും അവരെ ഒറ്റപ്പെടുത്തിയെന്ന തോന്നലുണ്ടാക്കും.

HIV-യെക്കുറിച്ച് അവബോധവും ശരിയായ വിവരങ്ങളും പ്രചരിപ്പിക്കാനും നിങ്ങൾക്ക് സഹായിക്കാനാകും.





ചികിത്സയും മരുന്നുകളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ആരോഗ്യം മെച്ചപ്പെടുത്തും.

നിങ്ങൾക്ക് എങ്ങനെ സഹായിക്കാനാകും?

എല്ലാവരോടുമെന്ന പോലെ അവരോടും പെരുമാറുക—അവരെ വേറിട്ട് കാണാതിരിക്കുക.



HIV-യെക്കുറിച്ചുള്ള മിഥ്യാധാരണകൾ അകറ്റാൻ കൃത്യമായ വിവരങ്ങൾ പങ്കിടുക.



വിവേചനത്തിനെതിരെ ശബ്ദമുയർത്തുക.





അവരുടെ അവകാശങ്ങളെക്കുറിച്ചും ചികിത്സയുടെ പ്രാധാന്യത്തെക്കുറിച്ചും അറിവുണ്ടായിരിക്കുക.



സമൂഹത്തിൽ ആത്മവിശ്വാസത്തോടെ ജീവിക്കാൻ അവർക്ക് വൈകാരികമായ പിന്തുണ നൽകുക.

HIV വിവേചനത്തെക്കുറിച്ച് നിയമം എന്താണ് പറയുന്നത്?

HIV/AIDS (Prevention & Control) Act, 2017 പ്രകാരം:

- HIV ബാധിതരോടുള്ള വിവേചനം ശിക്ഷാർഹമായ കുറ്റമാണ്.



- HIV ഉള്ളതിനാൽ ആർക്കും ജോലി, വിദ്യാഭ്യാസം, ആരോഗ്യ പരിചരണം, പൊതു സേവനങ്ങൾ എന്നിവ നിഷേധിക്കാൻ കഴിയില്ല.



- നിർബന്ധിത HIV ടെസ്റ്റ് നിയമവിരുദ്ധമാണ്. സമ്മതമില്ലാതെ HIV ടെസ്റ്റ് നടത്താൻ കഴിയില്ല.




- HIV കാരണം ചികിത്സ നിഷേധിക്കുകയോ വ്യത്യസ്തമായി ചികിത്സിക്കുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്.



- ഒരു വ്യക്തിയുടെ HIV സ്റ്റാറ്റസ് അവരുടെ അനുമതിയില്ലാതെ പങ്കിടാൻ കഴിയില്ല.



വിവേചനത്തിനെതിരായി നിൽക്കുന്നത് വ്യക്തികളെ സഹായിക്കുക മാത്രമല്ല, സമൂഹത്തെ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.



HIV ഉള്ള ആരോടെങ്കിലും വിവേചനം കാണിക്കുന്നത് കണ്ടാൽ, അതിനെതിരെ പ്രതികരിക്കുക! സംസ്ഥാന ഓംബുഡ്സ്മാന് (Ombudsman) പരാതി നൽകുക.

കൂടുതൽ വിവരങ്ങൾക്ക്, AIDS Helpline 1097 (ടോൾ ഫ്രീ) എന്ന നമ്പറിൽ ദേശീയ AIDS ഹെൽപ്പ് ലൈനിൽ വിളിക്കുക.